## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്ന ഡോ. അഹല്യ സുനരം, ജൂനിയർ കൺസൾട്ടന്റ് (ഫെത്താൽമോളജി) തിരികെ ജോലിയിൽ പ്രവേശിപ്പിച്ച് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. സ.ഉ (സാധാ)നം.3068/2017/ആ.കു.വ തിയതി 02.11.2017
2. മേലെഴുത്ത് കത്ത് നം. ഇ.ബി1-20409/17/ആ.വ.ഡ തിയതി 08.11.2017
3. നം. ഹെൽത്ത്-എ2/232/2017 ആ.കു.വ തിയതി 10.11.2017

**ഉത്തരവ് നം. ഇ.എ1- 40311/2016/ആ.വ.ഡ തിയതി 15.11.2017**

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഫെത്താൽമോളജി) ആയി ജോലി നോക്കി വരവെ 01.02.2017 മുതൽ അനധികൃതമായി അവധിയിൽ പ്രവേശിച്ച ഡോ. അഹല്യ സുനരത്തിനെ, അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനു വിധേയമായി ആരോഗ്യവകുപ്പിൽ തിരികെ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ, ഡോ. അഹല്യ സുനരത്തെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം പുതിയതായി സൃഷ്ടിച്ചിട്ടുള്ള ജൂനിയർ കൺസൾട്ടന്റ് (ഫെത്താൽമോളജി) തസ്തികയിലേക്ക് അച്ചടക്ക നടപടിയുടെ തീർപ്പിനു വിധേയമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം സർവ്വീസിൽ പുനഃപ്രവേശിക്കാത്ത പക്ഷം നിയമപരമായ നടപടികൾ പൂർത്തിയാക്കി ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ടിയാൾ ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി എത്രയും പെട്ടെന്ന് അയച്ചു തരേണ്ടതുമാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

ഒപ്പ്
ഡോ. സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഡോ. അഹല്യ സുനരം, ജൂനിയർ കൺസൾട്ടന്റ് (ഫെത്താൽമോളജി)

പകർപ്പ്:
1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. സൂപ്രണ്ട്, ഇ.ബി.സെക്ഷൻ
5. ഫയൽ/ കരുതൽ ഫയൽ

//അംഗീകാരത്തോടെ//
സീനിയർ സൂപ്രണ്ട്

GOVERNMENT OF KERALA

0836279